

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ശ്ലീഹാ നാലാം ഞായർ

2024 ജൂൺ 09



# എളുപ്പമല്ലാത്ത യാത്ര

പുറ 20:1–17; എസ 3:1–11; റോമാ 10:5–15; യോഹ 6:60–69

### രണ്ടു വഴികൾ

എല്ലാം എളുപ്പത്തിൽ വേണം എന്നതാണ് മനുഷ്യന്റെ സ്വാഭാവികമായ ഒരു ത്വരയും ആഗ്രഹവും. ഒരു വഴിപോക്കനായി ഒരു കവലയിൽ നിൽക്കുന്നത് സങ്കൽപ്പിക്കുക. നമ്മുടെ മുൻപിൽ രണ്ടു വഴികൾ. സുഖകരമായ യാത്ര നൽകുന്ന, നന്നായി ടാറിട്ട ഒരു നല്ല വഴി. വളരെ ദുർഘടമായ, മലയിടുക്കുകൾ താണ്ടിയുള്ള, കുണ്ടും കുഴികളും നിറഞ്ഞതെന്നു തോന്നുന്ന മറ്റൊരു വഴിയും കാണുന്നു. ഏതു വഴിയേ പോകും?

എളുപ്പമുള്ള വഴി എന്നു ചാടിക്കയറി ഉത്തരം പറയാനാണ് നമ്മുടെ ത്വര നമ്മോടു മന്ത്രിക്കുന്നത്. ജീവിതത്തിൽ പലപ്പോഴും സ്വാഭാവികമായും പല കാര്യങ്ങളിലും ഈ ത്വരയിൽ തന്നെയായിരിക്കും നമ്മൾ തീരുമാനങ്ങൾ പലതും എടുക്കുന്നതും. പക്ഷെ, ഒന്ന് നിൽക്കൂ. ആലോചിച്ചു നോക്കൂ. നമ്മൾ പോകേണ്ട വഴി നാം തിരഞ്ഞെടുക്കുന്നത് വഴി എളുപ്പമാണോ എന്ന് നോക്കിയിട്ടു മാത്രമല്ല. ആ വഴി നമ്മുടെ യാത്രയുടെ ഉദ്ദേശ്യം നിറവേറ്റുന്നുണ്ടോ എന്നു കൂടി നോക്കിയിട്ടല്ലേ? നമ്മൾ പ്രത്യേകിച്ച് ഉദ്ദേശ്യം ഒന്നുമില്ലാതെ, യാത്ര ആസ്വദിക്കാൻ വേണ്ടി ഇറങ്ങിയതാണെങ്കിൽ, എളുപ്പമുള്ള വഴിയേ സഞ്ചരിച്ചെന്നുവരും. പക്ഷെ, ഒരു സ്ഥലത്ത് എത്തിച്ചേരാനാണ് യാത്രയെങ്കിൽ, ആ സ്ഥലത്ത് എത്തിപ്പെടാൻ ദുർഘടമായ വഴിയേ പോകണം എന്നാണെങ്കിൽ, നമ്മളിൽ ആരാണ് യാത്രയുടെ സുഖം മാത്രം നോക്കി വഴി തെരഞ്ഞെടുക്കുക?

### എളുപ്പമല്ലാത്ത ഈശോ

ഇന്നത്തെ സുവിശേഷഭാഗത്തിൽ നാം കണ്ടുമുട്ടുന്നത് ഇങ്ങനെയൊരു കവലയിൽ നിൽക്കുന്ന, ഏത് വഴിയേ പോകണമെന്ന് ശങ്കിക്കുന്ന ഒരു കൂട്ടം മനുഷ്യരെയാണ്. തിബേരിയൂസ് കടൽക്കരയിൽ വച്ച് സുദീർഘമായ ഒരു



ബിനു തോമസ്

പ്രസംഗം നടത്തുന്ന ഈശോയാണ് ഇത്തരമൊരു വൈക്ലബ്യം അവരിൽ സൃഷ്ടിച്ചത്. നമ്മുടെ നാട്ടിലെ ന്യൂജൻ പരിവേഷത്തിലുള്ള ഈശോ എളുപ്പമുള്ള ഒരു ഈശോയാണ്. ശിഷ്യന്മാരുമൊപ്പം അടിച്ചു പൊളിച്ച് നാട് കറങ്ങി തിമിർത്തു ജീവിക്കുന്ന ഒരു ഈശോ. പക്ഷെ, അന്ന് തിബേരിയൂസ് കടൽക്കരയിലെ ഈശോ അങ്ങനെ ആയിരുന്നില്ല. കഠിനമായ കുറെ കാര്യങ്ങൾ പറഞ്ഞ ഒരു ഈശോ ആയിരുന്നു അത്. എന്താണ് ഈശോ പറഞ്ഞത്? ചുരുക്കിപ്പറഞ്ഞാൽ ഇതാണ്: മരുഭൂമി യിൽ വിശന്ന് അലഞ്ഞുതിരിഞ്ഞു നടന്നപ്പോൾ, നിങ്ങളുടെ പൂർവ്വപിതാ ക്കന്മാർക്ക് സ്വർഗത്തിൽ നിന്ന് കിട്ടിയ മന്ന പോലെയാണ് ഞാൻ. എന്റെ ശരീരത്തിലെ മാംസം നിങ്ങൾക്ക് കടിച്ചുചവച്ച് തിന്നാനുള്ള ഒരു ഭക്ഷണ വസ്തുവാണ്. എന്റെ രക്തം, വീഞ്ഞു പോലെ നിങ്ങൾക്ക് കുടിക്കാനുള്ള ഒരു പാനീയമാണ്. ഈ മാംസവും രക്തവും കഴിച്ചില്ലെങ്കിൽ നിങ്ങളിൽ നിത്യജീവൻ ഉണ്ടാവുകയില്ല.

യഹൂദരായ ആ ആൾക്കൂട്ട ത്തിനു ഇത് വളരെ കഠിനമായ വാക്കുക ളായിരുന്നു. പല കാരണങ്ങളുണ്ട്.

ഒന്ന്: അവരെ സംബന്ധിച്ചിടത്തോളം, രക്തം എന്നത് കുടിക്കാ നുള്ള ഒന്നല്ല. മനുഷ്യമാംസം തിന്നാനുള്ള ഒന്നല്ല. അതെല്ലാം വളരെ അശുദ്ധമാണ്. പച്ചവാക്കുകളിൽ പറഞ്ഞാൽ, തനി പോക്രിത്തരം, അല്ലെ ങ്കിൽ വട്ടുതരം.

രണ്ട്: അവരൊക്കെ ജീവിതത്തിന്റെ ബദ്ധപ്പാടുകളിൽ കഴിയുന്ന മനുഷ്യരാണ്. അവർക്ക് വേണ്ടത് ആമാശയത്തിന്റെ വിശപ്പ് കെടുത്തുന്ന അപ്പമാണ്. അവർക്ക് വേണ്ടത് ജീവിതം എളുപ്പമാക്കുന്ന കാര്യങ്ങൾ ചെയ്യുന്ന ഒരു നേതാവിനെയാണ്. അവർക്ക് രാഷ്ട്രീയസ്വാതന്ത്ര്യം കൊടുക്കുന്ന ഒരു രക്ഷകനെയാണ്. നിത്യജീവനും ആത്മാവിന്റെ വിശപ്പുമൊക്കെ വാഗ്ദാനം ചെയ്യുന്ന ഒരു ഗുരുവിനെയല്ല അവർ തേടുന്നത്.



## വിട്ടോടാ?

ഈശോയുടെ വാക്കുകൾ കേട്ടവരിൽ രണ്ടു പ്രതികരണങ്ങളാണ് നാം കാണുന്നത്. ഒരു കൂട്ടർ പറയുന്നു - ഇതൊക്കെ കേട്ടുകൊണ്ട് നിൽക്കാൻ ആർക്ക് കഴിയും? വേഗം സ്ഥലം വിടുന്നതാണ് നല്ലത്. ഇൻ ഹരിഹർ നഗർ എന്ന സിനിമയിലെ നാൽവർ സംഘം ചെയ്യുന്ന പോലെ "തോമസുകുട്ടി, വിട്ടോടാ".

നമ്മുടെ ജീവിതങ്ങളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കിയാൽ, ധാർ മികവും ആത്മീയവുമായ നന്മകളോട് ഈ "വിട്ടോടാ മനോഭാവം" കാണി ച്ചിട്ടുള്ള ഒരുപാട് സന്ദർഭങ്ങൾ നമുക്ക് കണ്ടെത്താൻ പറ്റും. ക്ലേശകര മായ, തനിക്കു ത്യാഗമുള്ള, അല്ലെങ്കിൽ ഭാതികമായ നേട്ടങ്ങൾ ഒന്നും തന്നെ കാണാൻ കഴിയാത്ത കാര്യങ്ങളിൽ "വിട്ടോടാ" എന്നു പറയാൻ വളരെ എളുപ്പമാണ് നമുക്ക് ഈ പുലിവാലിൽ കയറി എന്തിനു പിടിക്കണം? ഈ സഹനം എന്തിന് അനുഭവിക്കണം? ഈ പ്രാർത്ഥന എന്തിനു ചൊല്ലണം? അങ്ങനെയങ്ങനെ നിരവധി നിരവധി ചോദ്യങ്ങൾ.

ഈ "വിട്ടോടാ" മനോഭാവത്തിന്റെ എളുപ്പവഴി തെരഞ്ഞെടുക്കാ നുള്ള അടിസ്ഥാനകാരണം, അന്നത്തെ യഹൂദരിലും ഇന്നത്തെ നമ്മളിലും ഒന്ന് തന്നെയാണ്. നിത്യജീവൻ എന്ന ലക്ഷ്യമില്ല. പ്രത്യേകലക്ഷ്യ മില്ലാത്ത ഒരു ടൂറിസമാണ് നമ്മുടെ ജീവിതമെങ്കിൽ, സുഖകരമായ വഴിയേ പോകാൻ തീർച്ചയായും നമുക്ക് തോന്നും. അപ്പോൾ, നമ്മുടെ ജീവിതം സ്വർഗീയപിതാവിന്റെ ഇച്ഛ നടപ്പിലാക്കുന്ന, ആ പിതാവിന്റെ സന്നിധിയിലേക്കുള്ള ഒരു യാത്ര ആണെന്ന ബോധ്യത്തോടെ വേണം ജീവിതനിമിഷങ്ങളുടെ നാൽക്കവലകളിൽ, നമ്മൾ പോകേണ്ട വഴികൾ നാം തെരഞ്ഞെടുക്കാൻ.

## ക്ലേശങ്ങളിലെ ആനന്ദം

രണ്ടാമത്തെ പ്രതികരണം വരുന്നത്, ഈശോയുടെ ഒപ്പം അവ

ശേഷിച്ച ചുരുക്കം ചിലരുടെ പ്രതിനിധിയായ ശിമയോൻ പത്രോസിൽ നിന്നാണ്. “കർത്താവേ, ഞങ്ങൾ വേറെ എവിടേക്ക് പോകും?” എന്നാണ് പത്രോസ് ചോദിക്കുന്നത്.

ലക്ഷ്യത്തെക്കുറിച്ചുള്ള ബോധ്യം ഉണ്ടെങ്കിൽ, മാർഗത്തിന്റെ ക്ലേശം പിന്നെ ഒരു പ്രശ്നമല്ല. പോകേണ്ടത് മലഞ്ചെരിവുകൾക്ക് മുകളിലുള്ള വീട്ടിലേക്ക് ആണെങ്കിൽ, മല കയറാതെ പറ്റില്ല. ആ വീട്ടിൽ നമ്മെ കാത്തിരിക്കുന്ന പ്രിയപ്പെട്ടവരെ ഓർത്താൽ, യാത്രയുടെ ഓരോ കിലോ മീറ്ററും ആനന്ദദായകമായി മാറും. ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ പോകാൻ ഇഷ്ടപ്പെടുന്ന സ്ഥലങ്ങൾ ഹിൽ സ്റ്റേഷനുകളും ഹിൽ റിസോർട്ടുകളും ഒക്കെയായി രിക്കും. ഈ റിസോർട്ടുകളിലേക്കുള്ള യാത്ര തന്നെ ഒരു ആസ്വാദനമായി മാറുന്നത്, സുഖകരമായ വഴിയും മറ്റും ഉണ്ട് എന്നതുകൊണ്ടല്ല. മറിച്ച്, യാത്രയുടെ ഉദ്ദേശ്യത്തെപ്പറ്റി ബോധ്യം ഉള്ളതുകൊണ്ട്, ആ ഉദ്ദേശ്യത്തിന് അനുസരണമായി യാത്ര ആസ്വദിച്ച് പോകണം എന്ന മനോഭാവം ഉള്ളതുകൊണ്ടാണ്.

ഇതുപോലെ, നിത്യജീവൻ പ്രാപിക്കാനുള്ള യാത്രയാണ് എന്ന ഉദ്ദേശ്യത്തെപ്പറ്റി ബോധ്യം വന്നു കഴിഞ്ഞാൽ, ജീവിതത്തിലെ ത്യാഗ ങ്ങളും സഹനങ്ങളും ആസ്വദനീയമായി മാറുന്നു. വിശുദ്ധമായ ജീവിതം നയിച്ച വരിലെ ഏറ്റവും പൊതുവായ ഒരു മനോഭാവം, കഠിനമായ കാര്യങ്ങൾ സന്തോഷത്തോടെ ഏറ്റെടുത്ത് മുന്നോട്ടുപോകാനുള്ള തീക്ഷ്ണത യാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശ്യവും ലക്ഷ്യവും ബോധ്യമായാൽ, ക്ലേശകരമായ ജീവിതയാത്ര ആസ്വദിച്ച് യാത്ര ചെയ്യാൻ നമുക്കും സാധിക്കും. പത്രോസ് ചോദിച്ചതുപോലെ നമുക്കും ചോദിക്കാൻ സാധിക്കും “വേറെ ഏതു വഴി പോകാൻ?”

## വഴിയിൽ വീണുപോകുന്നവർ

കുണ്ടും കുഴിയും നിറഞ്ഞ വഴിയിൽ യാത്ര ചെയ്യുമ്പോൾ ഒരു പ്രശ്നമുണ്ട് - ഉരുണ്ടു വീഴാം, തെന്നി വീഴാം, പരിക്കു പറ്റാം. വേറെ എവിടെ പോകാൻ എന്ന് ചോദിച്ച ശിഷ്യപ്രമുഖൻ തന്നെയാണ് പിന്നീട് “ഞാൻ അവനെ അറിയുക പോലുമില്ല” എന്ന് യാതൊരു ഭാവഭേദവും ഇല്ലാതെ പറഞ്ഞത്. ഈശോയുടെ വചനം കേട്ട് അവന്റെ കൂടെ കൂടിയ യൂദാസാണ്, മുപ്പതു വെള്ളിക്കാശിന്റെ പ്രഭയിൽ വീണ് ഈശോയെ ഒറ്റുകൊടുത്തത്.

ക്രൈസ്തവരായ നാം എല്ലാവരും ഇങ്ങനെ ഉരുണ്ടുവീഴുന്ന വരാണ്. നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട് - നാം വീഴാൻ സാധ്യത യുള്ള മനുഷ്യർ ആണെന്ന് നമ്മെ സൃഷ്ടിച്ച ദൈവത്തിന് അറിയാതെ വരുമോ? നമ്മെക്കാൾ കൂടുതൽ നമ്മുടെ ദൗർബല്യങ്ങൾ അറിയുന്ന ആളല്ലേ നമ്മുടെ സ്രഷ്ടാവ്? ഉരുണ്ടുവീഴാൻ സാധ്യതയുള്ള വഴിയിലൂടെ നമ്മെ നടത്തുമ്പോൾ, നമ്മുടെ വീഴ്ചകളല്ല കർത്താവിന്റെ മുൻപിൽ നമ്മുടെ പരാജയം. മറിച്ച്, വീണിടത്ത് കിടന്നുള്ള ഉരുളിച്ചയാണ്. എഴു ന്നേറ്റ് യാത്ര തുടരാൻ, ലക്ഷ്യം മറക്കാതെ വീണ്ടും മുൻപോട്ടു പോകു വാൻ മനസ്സ് കാണിക്കുക എന്നതാണ് ക്രൈസ്തവന്റെ ധർമ്മം. പത്രോ സിനെയും യൂദാസിനെയും വ്യത്യസ്തർ ആക്കിയത് ഇതാണ്. യൂദാസ്‌വീണിടത്ത് കിടന്ന് ഉരുണ്ടവൻ ആണ്. മുപ്പതു വെള്ളിക്കാശ് ദേവാലയ ഭിത്തിയിൽ എറിഞ്ഞിട്ട് കാൽവരിയിലെ കുരിശിൽ കിടക്കുന്ന ഗുരുവിന്റെ കാൽക്കൽ മാപ്പിരക്കാൻ അവനു തോന്നിയില്ല. മറിച്ച്, ആരോടോ, തന്നോടുതന്നെയോ ഒക്കെയുള്ള ദേഷ്യവും പരിഭവവും വെറുപ്പും എല്ലാം ഒരു തൂക്കുകയറിലേക്ക് ആവാഹിച്ച് സ്വയം ഒടുങ്ങി. കർത്താ വിനെ യൂദാസ് ഒരു തവണ മാത്രമേ ചുംബിച്ചുള്ളൂ.

പക്ഷെ, മൂന്നുതവണ തള്ളിപ്പറഞ്ഞ വനാണ് പത്രോസ്. അയാൾ വീണിടത്തുനിന്ന് എഴു ന്നേറ്റവൻ ആണ്, യാത്ര തുടർന്നവനാണ്.

## ക്രൈസ്തവന്റെ മന്ന

ദൈവപിതാവിന്റെ തിരുമനസ്സ് ഭൂമിയിലും ആകുവാനുള്ള നമ്മുടെ ജീവിതോദ്ദേശ്യം മനസ്സിൽ സൂക്ഷിച്ച് കഠിനമായ ജീവിത യാത്ര ചെയ്യുമ്പോൾ, നമ്മുടെ മനസ്സിന്റെ വിശപ്പും ദാഹവും തീർക്കാൻ ഒരേയൊരു ആഹാരമേയുള്ളൂ. അത് ദിവ്യകാരുണ്യമാണ്. താൻ ദിവ്യകാരുണ്യമാണ് എന്ന കർത്താവിന്റെ വാക്കുകൾ വിശ്വസിക്കാൻ പ്രയാസമുള്ള യഹൂദർ അവിടുത്തെ വിട്ടുപോയി. യോഹന്നാന്റെ സുവി ശേഷം എഴുതിയ പശ്ചാത്തലത്തിൽ നോക്കിയാൽ, ആദിമസഭയിലെ ക്രൈസ്തവ കൂട്ടായ്മയിലെ അപ്പം മുറിക്കലിൽ കർത്താവിന്റെ യഥാർത്ഥ സാന്നിധ്യം ചോദ്യം ചെയ്യുന്നവർ ഉണ്ടായിരുന്നു. അവർക്കുള്ള മറുപടിയായി യോഹന്നാൻ ഏറെ പ്രാധാന്യം നൽകി രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷഭാഗമാണ് നാം ഇന്ന് വായിക്കുന്നത്. ഇന്നും, ദിവ്യകാരുണ്യത്തിൽ കർത്താവിന്റെ സാന്നിധ്യം വിശ്വസിക്കാൻ സാധി ക്കാതെ വിട്ടുപോകുന്ന നിരവധി സഹോദരന്മാർ ഉണ്ട്. നിത്യജീവന്റെ അപ്പമായ ഈശോയുടെ ശരീരവും രക്തവും യഥാർത്ഥ രക്ഷാമാർഗം ആണെന്ന അടിയുറച്ച ബോധ്യത്തിലേക്ക് ക്രൈസ്തവർ വളരണമെന്ന സുവിശേഷകന്റെ ഉദ്ദേശ്യം മനസ്സിലാക്കാൻ നമുക്ക് പരിശ്രമിക്കാം. ആ വിശ്വാസത്തിൽ വളർന്നുകൊണ്ട്, സ്വർഗീയപിതാവിന്റെ ഭവനത്തിലേക്കുള്ള യാത്ര ആസ്വദിച്ച് മുന്നേറാൻ നമുക്ക് സാധിക്കട്ടെ. ദിവ്യകാരുണ്യത്തിലുള്ള വിശ്വാസത്തിലേക്ക് എല്ലാ ക്രൈസ്തവരും വരുവാനായി നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com